ePLUS Kerala in YouTube

# FOCUS AREA

## 9. CONSTITUTION AS A LIVING DOCUMENT

The laws need to be changed according to the changing circumstances. Countries such as the Soviet Union and France have changed the entire constitution many times to meet the changing needs. It is a matter of pride that the Constitution of India, which came into existence on January 26, 1950, remains in existence for over 70 years. The Constitution of India continues to be a valid document after 70 years, through periodic renewal and judicial interpretation.

### Constitutional Amendments

Parliament has the power to change the Constitution of India. The Constitution of India can be changed in three different ways.

**1. Amendments with simple majority.**

Some of the provisions of the Constitution can be changed with the support of the majority of members who vote in the Rajya Sabha and Lok Sabha. The provisions related to the renaming of the states, the formation of the state,and the matters of citizenship etc can be amended with simple majority.

**2. Amendments with special majority**

Some of the provisions of the Constitution require a special majority of Parliament. The special majority means of the support of two-thirds of those who vote in the House and the majority of members of the House. It is in this way that fundamental rights and instructional principles are altered.

**3. Amendments requiring the a special majority of the parliament and ratification of half of the states**

Some of the provisions can be changed with the special majority of the parliament and the ratification of half the states. Articles related to distribution of powers between the states and central government , representation etc are included in this category.

ePLUS KERALA in YouTube

# 9. ഭരണഘടന ഒരു സജീവപ്രമാണം നിലയിൽ

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതാണ്. സോവിയറ്റ് യൂണിയൻ, ഫ്രാൻസ് പോലെയുള്ള രാജ്യങ്ങൾ ഭരണഘടനകൾ പല തവണ പൂർണമായും മാറ്റിയെഴുതിയിട്ടുണ്ട്. 1950 ജനുവരി 26 നു നിലവിൽ വന്ന ഇന്ത്യൻ ഭരണഘടന നീണ്ട എഴുപത് വർഷത്തിന് ശേഷവും നിലനിൽക്കുന്നുവെന്നത് അഭിമാനകരമായ വസ്തുതയാണ്. കാലാനുസൃതമായ പുതുക്കലും പുനഃപരിശോധനയും നടത്തുന്നതിലൂടെയാണ് ഇന്ത്യൻ ഭരണഘടന 70 വര്ഷങ്ങൾക്ക് ശേഷവും ആധികാരിക രേഖയായി നിലനിൽക്കുന്നത്. ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്തുവാനുള്ള അധികാരം പാർലമെന്റിനാണുള്ളത് .

## ഭരണഘടനാ ഭേദഗതിക്കുള്ള വിവിധ രീതികൾ

ഇന്ത്യൻ ഭരണഘടന മൂന്നു വ്യത്യസ്തരീതികളിൽ മാറ്റം വരുത്താവുന്നതാണ്.

1 . കേവല ഭൂരിപക്ഷത്തിൽ പാസ്സാക്കാവുന്ന ഭേദഗതികൾ. - രാജ്യസഭയിലെയും ലോക്സഭയിലെയും ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷ പിന്തുണ ഉണ്ടെങ്കിൽ ഭരണഘടനയിലെ ചില വ്യവസ്ഥകളിൽ മാറ്റം വരുത്താവുന്നതാണ്. സംസ്ഥാനങ്ങളുടെ പെരുമാറ്റൽ, സംസ്ഥാന രൂപീകരണം, പൗരത്വ വിഷയങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2. പ്രത്യേക ഭൂരിപക്ഷത്തോടെ പാസ്സാക്കാവുന്ന ഭേദഗതികൾ - ഭരണഘടനയിലെ ചില വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്. സഭയിൽ ഹാജരായി വോട്ട് ചെയ്യുന്നവരുടെ മൂന്നിൽ രണ്ട് പിന്തുണയും സഭയിലെ മൊത്തം അംഗങ്ങളുടെ ഭൂരിപക്ഷ പിന്തുണയും ചേർന്നതാണ് പ്രത്യേക ഭൂരിപക്ഷം. മൗലിക അവകാശങ്ങളിലും നിർദ്ദേശ തത്വങ്ങളിലും മാറ്റം വരുത്തുന്നത് ഈ രീതിയിലാണ്.

3. പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷവും പകുതി സംസ്ഥാനങ്ങളുടെ അംഗീകാരവും ആവശ്യമായ ഭേദഗതികൾ - പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷവും പകുതി സംസ്ഥാനങ്ങളുടെ അംഗീകാരവും ഉണ്ടെങ്കിൽ മാത്രമേ ചില വകുപ്പുകളിൽ മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തമ്മിലുള്ള അധികാര വിതരണം, പ്രാതിനിധ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഭരണഘടനാ വകുപ്പുകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

Prepared by Mathew Joseph (GHSS Kozhichal)

ePLUSKERALA in YouTube